
1 ഫെബ്രുവരി 2019
വില 25 രൂപ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

## ഗ്രാവിറ്റിതരംഗങ്ങൾ പ്രപഞ്ചവികസന സൂചനകൾ നൽകുന്നു





കേരളചരിത്രത്തിലേക്കുള്ള ജാലകക്കാഴ്ചകൾ

കാഴ്ചയുടെ ഉപ്പുപാടങ്ങൾ

ISSN 2349-1051
9 772349 105005 >

ചലച്ചിത്രകലയിലെ പ്രകൃതിയാഥാർത്ഥ്യങ്ങൾ



എൻ.വി. കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

1 ഫെബ്രുവരി 2019
വാല്യം 51 ലക്കം 2
വില 25.00



ഡയറക്ടർ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
നാളന്ദ, തിരുവനന്തപുരം 695 003
ഡയറക്ടർ : 0471 2316306
എഡിറ്റർ : 9895062972
editorvijnanakairali@gmail.com
casokan65@gmail.com
www.keralabhashainstitute.org
സംസ്കാര :0471-2331581
പ്രാദേശിക കേന്ദ്രം
കോഴിക്കോട്: 0495-2366124



ചീഫ് എഡിറ്റർ
പ്രൊഫ.വി. കാർത്തികേയൻ നായർ

എഡിറ്റർ
സി. അശോകൻ

പത്രാധിപസമിതി
ഡോ. ഷിബു ശ്രീധർ
എൻ. ജയകൃഷ്ണൻ
കെ.ആർ. സരിതകുമാരി
ഡോ. ബിജു ബാലകൃഷ്ണൻ
എൻ. എസ്. അരുൺ കുമാർ
ഡോ. ഗംഗ റ്റി.
റാഫി പൂക്കോം
അനുപമ. ജെ

സർക്കുലേഷൻ മാനേജർ
എസ്. സുബ്രഹ്മണ്യം
9387800539

ടൈപ്സെറ്റ് & ലേ ഔട്ട്
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14

കവർ ഡിസൈൻ
നാരായണ ഭട്ടതിരി

സ്റ്റേറ്റ് പ്രൊമോട്ടർ
മടന്തകോട് രാധാകൃഷ്ണൻ
9497755727



വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്തം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായി കൊള്ളേണ്ടതില്ല. ലേഖകർ പൂർണവിലാസവും ഇ - മെയിലും ഫോൺ നമ്പരും ഒപ്പം ചേർക്കുവാൻ താൽപ്പര്യപ്പെടുന്നു.

- എഡിറ്റർ



09 നഷ്ടപ്പെടുന്ന തന്നിടങ്ങൾ
രാഹുൽ രാധാകൃഷ്ണൻ





39 കേരളചരിത്രത്തിലേക്കുള്ള ജാലകക്കാഴ്ചകൾ
ഡോ. എം.ജി. ശശിഭൂഷൺ





43 ചലച്ചിത്രകലയിലെ പ്രകൃതിയാഥാർഥ്യങ്ങൾ
ശിവകുമാർ ആർ. പി.





06 ഗ്രാവിറ്റിതരംഗങ്ങൾ പ്രപഞ്ചവികസന സൂചനകൾ നൽകുന്നു
ഡോ. ജോർജ് വർഗീസ്

14 വള്ളത്തോളിന്റെ നിരൂപണങ്ങൾ
വിജയകുമാർ എ.

20 പ്രകാശവേഗത്തിനപ്പുറം
ഡോ. സി.ജി. രാമചന്ദ്രൻനായർ

22 ദൈവികതയിലേക്ക് ഉയർത്തപ്പെടുന്ന മാതൃത്വം
ഡോ. നിഷ. എം. ആർ

26 ഭാഷയ്ക്കപ്പുറം നോക്കുന്ന കവിത
പി. കൃഷ്ണദാസ്

32 ഗദ്ദിക-ഒരു ആദിവാസി അനുഷ്ഠാന കല
ഡോ. മുഹമ്മദ് ശഫീഖ് വഴിപ്പാറ

35 കാഴ്ചയുടെ ഉൾപ്പാടങ്ങൾ
ബേബി തോമസ്

47 കടമ്മനിട്ടക്കവിതയും പാർശ്വവൽകൃത സമൂഹാവിഷ്കാരവും
ജി. സജീവ്

56 പ്രണയോന്മാദത്തിന്റെ വിനയചന്ദ്രിക
ഡോ. നിബുലാൽ വെട്ടൂർ

60 കോവാലന്റെ രാസബന്ധം
ഡോ. എം.എൻ.ആർ.നായർ

65 നാമവിശേഷം : ഒരു പേരിൽ പലതുമുണ്ട്
ഡോ. എസ്. എ. ഷാനവാസ്

68 മലയാള ചലച്ചിത്രഗാനനിരൂപണം
പ്രജീഷ പി.ജെ.

71 കേരളസംസ്കൃതിയും യക്ഷിദൈവാരാധനയും
ബീനാ കൃഷ്ണൻ എസ്.കെ

75 വാക്കുകൊണ്ട് ജീവിതം കൊത്തുന്നവർ
ഡോ. സജിത്ത് ഏവൂരേത്ത്

77 അതിർത്തികൾക്കതീതമായ വ്യക്തിത്വം
ഡോ. ടി. ജമാൽ മുഹമ്മദ്

79 രുധിരവീണയുടെ കനൽച്ചിന്തുകൾ
കെ. എൻ. ഷാജികുമാർ

81 പുസ്തക പരിചയം

# ഗദ്ദിക–ഒരു ആദിവാസി അനുഷ്ഠാന കല

ഡോ. മുഹമ്മദ് ശഫീഖ് വഴിപ്പാറ

ദുഷ്ടാത്മാക്കളുടെ ബാധകളിൽ നിന്നും രോഗപീഡകളിൽ നിന്നും മോചനം നേടുന്നതിനായി വയനാട്ടിലെ ആദിവാസി വിഭാഗമായ അടിയാൻ സമുദായക്കാർ നടത്തിപ്പോരുന്ന ഒരു മന്ത്രവാദ അനുഷ്ഠാന കലയാണ് ഗദ്ദിക. ഗദ്ദിക എന്ന വാക്കിന് അടിയാൻ ഗോത്രഭാഷയിൽ ശാന്തി എന്നാണ് അർഥം. സ്ത്രീകൾക്ക് സുഖപ്രസവം നടക്കാനും ആളുകൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾ മാറാനും ഗദ്ദികയിലൂടെ കഴിയും എന്ന് അടിയാൻമാർ വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. മറ്റൊരു ചികിൽസയും സ്വീകരിക്കാതെ ഗദ്ദികയിലൂടെ തന്നെ തങ്ങളുടെ രോഗം മാറുമെന്നും നാട്ടിലും കുടുംബത്തിലും ഐശ്വര്യം ഉണ്ടാകുമെന്നും വിശ്വസിച്ചിരുന്ന കാലം. ക്രമേണ, രോഗം വന്നാൽ വൈദ്യചികിൽസയെ അടിയാൻമാർ ആശ്രയിച്ചു തുടങ്ങിയെങ്കിലും ഗദ്ദികയിലുള്ള വിശ്വാസം ഇപ്പോഴും കൈവിട്ടിട്ടില്ല. ഒരു അനുഷ്ഠാന മന്ത്രവാദ കലയായി ഇപ്പോഴും ഗദ്ദികയ്ക്ക് ആദിവാസി വിഭാഗമായ അടിയാൻമാർക്കിടയിൽ പ്രസക്തിയും പ്രചാരവുമുണ്ട്.

**വയനാടിന്റെ വിവിധ ഭാഗങ്ങളിൽ ആദിവാസികളിലെ അടിയാൻ വിഭാഗം താമസിക്കുന്നുണ്ട്. തിരുനെല്ലി, തൃശിലേരി, ബാവലി, പുൽപ്പള്ളിക്കടുത്ത ചില പ്രദേശങ്ങൾ, ഒണ്ടയങ്ങാടി, പനമരം ഭാഗം തുടങ്ങിയ പ്രദേശങ്ങളിലാണ് അവർ പ്രധാനമായും ഉള്ളത്. കർണാടകയിലെ കുടകിൽ നിന്നാണ് അവർ അവിടെയെത്തിയത് എന്നു കരുതുന്നു.**

## അടിയാൻ വിഭാഗം

വയനാടിന്റെ വിവിധ ഭാഗങ്ങളിൽ ആദിവാസികളിലെ അടിയാൻ വിഭാഗം താമസിക്കുന്നുണ്ട്. തിരുനെല്ലി, തൃശിലേരി, ബാവലി, പുൽപ്പള്ളിക്കടുത്ത ചില പ്രദേശങ്ങൾ, ഒണ്ടയങ്ങാടി, പനമരം ഭാഗം തുടങ്ങിയ പ്രദേശങ്ങളിലാണ് അവർ പ്രധാനമായും ഉള്ളത്. കർണാടകയിലെ കുടകിൽ നിന്നാണ് അവർ അവിടെയെത്തിയത് എന്നു കരുതുന്നു. കുടകിൽ റാവുള്ളർ എന്നാണ് ഈ വിഭാഗം അറിയപ്പെട്ടിരുന്നത്. വയനാട്ടിൽ വന്ന് ജന്മിമാരുടെ അടിമകളായി കഴിഞ്ഞതിനു ശേഷമാണ് ഇവർക്ക് അടിയാൻ എന്ന പേര് വന്നത്. പക്ഷേ, ഇവർക്കിടയിൽ ഇപ്പോഴും പരസ്പരം അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്ന വാക്ക് അടിയാൻ എന്നു തന്നെയാണ്. 1977 ൽ കേരള നിയമസഭ അടിമപ്പണി റദ്ദാക്കൽ നിയമം പാസാക്കിയതോടെയാണ് അടിയാൻ വിഭാഗത്തിന് അടിമത്തത്തിൽ നിന്നു മോചനം ലഭിച്ചത്.

## ഗദ്ദികയെ കുറിച്ചുള്ള ഐതിഹ്യം

ഗദ്ദിക തുടങ്ങിയതുമായി അടിയാൻ വിഭാഗക്കാർക്കിടയിൽ പ്രചരിക്കുന്ന ഒരു ഐതിഹ്യമുണ്ട്. അതിങ്ങനെയാണ്. ദേവൻമാർ മനുഷ്യനെ ഉണ്ടാക്കിയ സമയം. ജീവൻ കൊടുത്തതിനു ശേഷവും മനുഷ്യർക്ക് സംസാരിക്കാനോ നടക്കാനോ കഴിഞ്ഞില്ല. അതിനിടെ, നിങ്ങൾ എന്തു ചെയ്തിട്ടും കാര്യമില്ലെന്നും അതിനു ഒരു പരിഹാരമേ ഉള്ളൂ എന്നും ദേവിമാർ ദേവൻമാരോട് പറഞ്ഞു. നിങ്ങൾ വടക്കോട്ട് നടന്നാൽ ഒരു ദേവിയെ കണ്ടുമുട്ടും. ദേവൻമാർ വടക്കോട്ട് നടന്നു. അവിടെ ചതുപ്പ് നിലമായിരുന്നു. ചളി പുരണ്ട ഒരു ജീവി ചതുപ്പിൽ കിടന്ന് ചളി വാരി തിന്നുന്നത് അവർ കണ്ടു. അതിനെ പരിഗണിക്കാതെ അവർ മുന്നോട്ട് പോയപ്പോൾ ആ ജീവി അവരോടു പറഞ്ഞു: "നിങ്ങൾ

എങ്ങോട്ടാണ് പോകുന്നതെന്ന കാര്യം പറയൂ. പല കഴിവുകൾ നിങ്ങൾക്കുണ്ട്. എനിക്കും എന്റേതായ കഴിവുകളുണ്ട്. കാര്യം പറയൂ." ദേവൻമാർ കാര്യങ്ങൾ പറഞ്ഞു. താൻ ആ മനുഷ്യർക്ക് നടക്കാനും സംസാരിക്കാനുമുള്ള കഴിവ് കൊടുക്കാമെന്നും പക്ഷേ തനിക്ക് കിട്ടിയതിനെയൊക്കെ തിന്നാമെന്നും ജീവി പറഞ്ഞു. അവർ സമ്മതിച്ചു. ആ ജീവി മാളി എന്ന ഒരു ദേവിയായിരുന്നു. താൻ പരിപൂർണ്ണ നഗ്നയാണെന്നും തനിക്ക് ധരിക്കാൻ നിങ്ങളുടെ മേൽമുണ്ട് വേണമെന്നും ദേവി ദേവൻമാരോട് പറഞ്ഞു. അത് നൽകിയപ്പോൾ, നിങ്ങൾ മറക്കുട ചൂടി നിൽക്കണമെന്നും താനൊരു സ്ത്രീയാണെന്നും എങ്ങനെയെങ്കിലും നിങ്ങൾ മറഞ്ഞു നോക്കുമെന്നും ദേവി പറഞ്ഞു. വസ്ത്രം മാറിയതിനു ശേഷം, താൻ കുളിച്ച് മാറ്റി വരാമെന്നും നിങ്ങൾ കോട്ടയിലേക്ക് പോയിക്കോളൂ എന്നും ദേവി പറഞ്ഞു. കുളി കഴിഞ്ഞതിനു ശേഷം ദേവിക്ക് 1000 തലകളും 1000 നാവുകളും 1000 കൈകളും ഉണ്ടായി. സൃഷ്ടിക്കപ്പെട്ട മനുഷ്യരുടെ അടുത്തേക്ക് കൊടുങ്കാറ്റിന്റെ വേഗതയും ഇടിയുടെ ശബ്ദവുമായി ദേവി വന്നു. ഇതു കേട്ട് മനുഷ്യർ ഞെട്ടിയെണീറ്റു. മനുഷ്യർ ആദ്യം ഉണ്ടാക്കിയ ശബ്ദം 'ഇബി' എന്നായിരുന്നു. (അടിയാൻ വിഭാഗക്കാർ ഇപ്പോഴും ഭയപ്പെട്ടാൽ ഉണ്ടാക്കുന്ന വാക്ക് 'ഇബി' എന്നാണ്. അവരുടെ നാവിൽ അറിയാതെ വന്നുപോകുമെന്ന് പി.കെ കരിയൻ പറയുന്നു.)

താൻ ആ മനുഷ്യർക്ക് നടക്കാനും സംസാരിക്കാനുമുള്ള കഴിവ് കൊടുക്കാമെന്നും പക്ഷേ തനിക്ക് കിട്ടിയതിനെയൊക്കെ തിന്നുമെന്നും ജീവി പറഞ്ഞു. അവർ സമ്മതിച്ചു. ആ ജീവി മാളി എന്ന ഒരു ദേവിയായിരുന്നു.

രണ്ടു മനുഷ്യരെ മാത്രം ബാക്കിയാക്കി മറ്റു മുഴുവൻ മനുഷ്യരെയും ദേവി തിന്നു. രണ്ടു പേരും അവിടെ നിന്നു ഓടി രക്ഷപ്പെട്ടു എത്തിയത് പാക്കത്ത് എന്ന സ്ഥലത്താണ്. അവിടെയുള്ള കോട്ടയ്ക്കകത്തേക്ക് അവർ കടന്നു. അവരെ പിന്തുടർന്ന് പോന്നിരുന്ന ദേവിക്ക്, കോട്ടയുടെ വാതിൽ ചെറുതായതിനാൽ അകത്ത് കടക്കാൻ കഴിഞ്ഞില്ല. കോട്ടയ്ക്കകത്തുണ്ടായിരുന്ന പാക്കത്തപ്പൻ മുറുക്കിക്കൊണ്ട് (അടിയാൻമാരും മുറുക്കുന്നതിന്റെ ന്യായം ഇതു കൊണ്ടാണെന്നു പറയാറുണ്ട്.) പുറത്ത് വന്ന് ദേവിയുമായി സംസാരിച്ചു. ഇവരെയും കൂടി ഇന്ന് നീ തിന്നാൽ നിനക്കുള്ള ഭക്ഷണം ഇന്നുതന്നെ തീരുമെന്നും നാളെ ഒന്നും ഉണ്ടാകില്ലെന്നും അതുകൊണ്ട് നിനക്കുള്ള ഭക്ഷണം നിത്യവും കിട്ടാനുള്ള മാർഗം താൻ പറഞ്ഞുതരാമെന്നും പാക്കത്തപ്പൻ പറഞ്ഞു. നിന്റെ ഈ രൂപം ഇനി മേലിൽ കാണാൻ പാടില്ല. നീ അരണയെ പോലെയോ ചുണ്ടെലിയെപ്പോലെയോ ആകുക (അരണയ്ക്ക് അറന്നലി എന്നും ചുണ്ടെലിക്ക് അപ്പെലി എന്നുമാണ് അടിയാൻമാർ പറയുക.) എന്നിട്ട്, ഒളിച്ചിരുന്ന് ആളുകൾ പോകുമ്പോൾ ശബ്ദമുണ്ടാക്കിയോ അവരുടെ അടുത്തേക്ക് ഓടിച്ചെന്നോ അവരെ ഭയപ്പെടുത്തുക. പേടിച്ച് അവർക്ക് രോഗമുണ്ടാകും. അപ്പോൾ അവർ നിനക്ക് പൂജ ചെയ്യും. അത് നിനക്ക് ഭക്ഷിക്കാം. രാത്രി തുടികൊട്ടി പാട്ടും പാടി നിന്നെ പ്രാർഥിക്കുകയും ചെയ്യും. അതോടെ നീ അവരുടെ രോഗവും മാറ്റിക്കൊടുക്കണം. ഇതാണ് ഗദ്ദികയുടെ ഐതിഹ്യം.(പി.കെ കരിയനുമായുള്ള സംഭാഷണം/19.10.16)

## വിവിധ തരം ഗദ്ദിക

ഗദ്ദിക മൂന്നു വിധമാണുള്ളത്. രോഗം വന്നാൽ നടത്തുന്ന ഗദ്ദികയാണ് ഒന്നാമത്തേത്. രോഗിയുടെ വീട്ടിൽ വച്ച് രാത്രിയാണ് ഇത് നടത്തുക. മുറത്തിൽ ഒരു നാഴി അരിയും ഒരു തേങ്ങയും വയ്ക്കും. എണ്ണയിൽ തീയും കത്തിച്ചു വയ്ക്കും. തുടി, ചിലങ്ക എന്നിവയാണ് വാദ്യോപകരണങ്ങൾ. ഗദ്ദിക നടത്തുന്ന ആളെ തമ്മാടി എന്നാണ് പറയുക. തമ്മാടി തുടി കൊട്ടി തുടങ്ങും. ആദ്യം ശിവനെ വിളിക്കും. ശിവന്റെ സമ്മതം വാങ്ങിയതിനു ശേഷം മരിച്ചു പോയ കാരണവൻമാരെയൊക്കെ വിളിച്ചു പ്രാർഥിക്കും.

"സ്വാനിനോലകാളോ
അയ്യാനെ സ്വാനിനോലകാളോ
മെർള്ളോക ദല്ലി സ്വാനിനോലകാളോ
കീർളുള്ളോക്ക ദല്ലി ഉരുകുളു..."

ദേവി ദേവൻമാരുടെയൊക്കെ പേര് വിളിച്ചതിനു ശേഷം തമ്മാടി ഉറഞ്ഞു തുള്ളാൻ തുടങ്ങും. രോഗം എന്തുകൊണ്ടാണ് വന്നത് എന്നു പറഞ്ഞ് അതിനു പരിഹാരമായി ഗദ്ദിക നടത്തും. ഒന്നാം ഗദ്ദിക രോഗം എന്തു കൊണ്ടാണ് വന്നത് എന്ന് അറിയാനും രോഗം മാറാനുമുള്ളതാണ്. നേരം വെളുക്കുന്നതു വരെയാണ് ഗദ്ദിക നടക്കുക. പ്രതിഫലമായി ഒന്നും കിട്ടില്ല. ചോദിക്കാനും പാടില്ല. വീട്ടുകാർ ഭക്ഷണം എന്തെങ്കിലും മനസ്സറിഞ്ഞു തന്നാൽ കഴിക്കാം.

രണ്ട്-പൂജ ഗദ്ദിക. രോഗം മാറിയാൽ വീട്ടിൽ നടക്കുന്ന ഗദ്ദികയാണ് പൂജ ഗദ്ദിക. അരി, മുത്താരി, നെല്ല്, നാലു നാളികേരം, അവില്, മലര്, ഒരു ചുവന്ന പട്ട്, ഒരു പൂവൻകോഴി എന്നിവ പൂജ ഗദ്ദികയ്ക്ക് ആവശ്യമാണ്. 12 പേരെങ്കിലും പൂജ ഗദ്ദിക നടത്താൻ വേണം. തുടിയും ചിലങ്കയുമാണ് വേണ്ടുന്ന വാദ്യോപകരണങ്ങൾ. ഒരു രാത്രി മുഴുവൻ പൂജ ഗദ്ദിക നടക്കുന്നു. പിറ്റേന്നു രാവിലെ, ചുണ്ണാമ്പും മഞ്ഞളും കലക്കിയ വെള്ളത്തിനു മുകളിൽ ഒരു ഇല വയ്ക്കുകയും അതിൽ ഏഴു തിരികൾ കത്തിച്ചു വയ്ക്കുകയും ചെയ്യും. ഇത് രോഗം മാറിയ ആൾ തൊട്ടടുത്ത പാല മരത്തിന്റെയോ പ്ലാവിന്റെയോ ചുവട്ടിൽ കൊണ്ടുപോയി വയ്ക്കും. അവിടെ വച്ച് ഗദ്ദികക്കാർ കോഴിയെ കൊണ്ട് രോഗം മാറിയ ആളെ ഉഴിയും. കോഴിയെ അവിടെ വച്ചു തന്നെ അറുക്കുകയും അതിന്റെ രക്തം ചുണ്ണാമ്പും മഞ്ഞളും കലക്കിയ വെള്ളത്തിൽ ഇറ്റിക്കുകയും ചെയ്യും. രോഗം മാറിയ ആളെ തിരിച്ചു നിർത്തി വീട്ടിലേക്ക് പറഞ്ഞയയ്ക്കുകയും ചെയ്യും. ഇതാണ് പൂജ ഗദ്ദിക.

മൂന്ന്-നാട്ടു ഗദ്ദിക. നാടിന്റെ ഐശ്വര്യത്തിനും രോഗമുക്തിക്കും വേണ്ടി അവതരിപ്പിക്കുന്നതു കൊണ്ടാണ് ഇതിനു നാട്ടുഗദ്ദിക എന്ന പേരു വന്നത്. വർഷത്തിൽ ഒരു പ്രാവശ്യം മാത്രമാണ് ഇത് നടക്കുക. കൊട്ടിയൂർ ഉൽസവം കഴിഞ്ഞുള്ള ആദ്യത്തെ ചൊവ്വാഴ്ചയോ വെള്ളിയാഴ്ചയോ ആണ് നാട്ടുഗദ്ദിക നടക്കുക. തുടങ്ങുന്നതിന്റെ ഏഴു ദിവസം മുമ്പ് ഗദ്ദിക അവതരിപ്പിക്കുന്നവർ വ്രതം എടുക്കണം. ഇറച്ചിയും മീനും കഴിക്കാം. ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ പാടില്ല. ഇതാണ് വ്രതത്തിന്റെ രീതി.

**കൊട്ടിയൂർ ഉൽസവം കഴിഞ്ഞുള്ള ആദ്യത്തെ ചൊവ്വാഴ്ചയോ വെള്ളിയാഴ്ചയോ ആണ് നാട്ടുഗദ്ദിക നടക്കുക. തുടങ്ങുന്നതിന്റെ ഏഴ് ദിവസം മുമ്പ് ഗദ്ദിക അവതരിപ്പിക്കുന്ന വർ വ്രതം എടുക്കണം. ഇറച്ചിയും മീനും കഴിക്കാം. ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ പാടില്ല. ഇതാണ് വ്രതത്തിന്റെ രീതി.**

വ്രതത്തിന്റെ ആറാം ദിവസം രാത്രിയിൽ, അതായത് ചടങ്ങിന്റെ തലേ ദിവസം. ഗദ്ദിക അവതരിപ്പിക്കുന്നവരെല്ലാം ചേക്കോട്ട് എന്ന സ്ഥലത്ത് ഒരുമിച്ച് കൂടും. രാത്രിയിൽ അവിടെ കൂടി ദേവീദേവൻമാരെ വിളിച്ച് പാട്ടുപാടി പ്രാർഥിക്കും. ചടങ്ങുകളിൽ സാധാരണ ദേവീദേവൻമാരെ വിളിച്ച് ശേഷം തിരിച്ച് അവരെ കൊണ്ടാക്കാറാണ് പതിവ്. എന്നാൽ ഈ ദിവസം അങ്ങനെ യല്ല. അവരെ പാട്ടിലൂടെ വിളിച്ച് വരുത്തി അവിടെ തന്നെ നിർത്തും. രാവിലെ എല്ലാവരും വീടുകളിലേക്ക് വന്ന് നാട്ടുഗദ്ദി കയ്ക്ക് വേണ്ടുന്ന സാധനങ്ങളെല്ലാം എടുത്ത് കൊട്ടകുളം എന്ന സ്ഥലത്തേക്ക് പോകും. ഐശ്വര്യം തരികയും രോഗം മാറ്റിത്ത രികയും ചെയ്യുന്ന മാരിയമ്മ എന്ന ദേവിയുടെ കാവാണ് കൊട്ട കുളത്തുള്ളത്. പോകുമ്പോൾ എല്ലാവരുടെയും കയ്യിൽ മാരിയ മ്മയുടെ ആയുധമായ ചൂരലുണ്ടാകും. ധരിക്കേണ്ടുന്ന സ്ത്രീ വേഷവും കരുതിയിട്ടുണ്ടാകും. കൊട്ടകുളത്ത് ഒരു ഗുഹയുണ്ട്. അതിനക ത്താണ് മാരിയമ്മ എന്നാണ് വിശ്വാസം. അവിടെ എത്തിയ ഉടനെ ആദ്യം ഒരു ചെറിയ പൂജ നടത്തും. ശേഷം എല്ലാവരും സ്ത്രീ വേഷം ധരിക്കും. ചുരുങ്ങിയത് 12 പേരെങ്കിലും സംഘത്തി ലുണ്ടാകും. സാരിയാണ് ധരിക്കേണ്ടത്. തലയിൽ ചുവപ്പ് മുണ്ട് കെട്ടുകയും വേണം. കമ്മലും വളയും ധരിക്കണം. കണ്ണെഴുതണം. കുങ്കുമപ്പൊട്ട് തൊടണം. കാലിൽ ചിലങ്കയും ഉണ്ടാകും. തുടിയും ചീനിയും ഉണ്ടാകും. ചീനി നാട്ടുഗദ്ദികയ്ക്ക് മാത്രമേ ഉപയോഗിക്കൂ. ഗുഹയ്ക്കു മുമ്പിൽ ചെന്ന് മാരിയമ്മയെ നാട്ടു കാണാൻ വിളിക്കും. കൊട്ടിയൂരിൽ നിന്ന് ഭൂതങ്ങൾ നാട്ടിലേക്ക് വന്നിട്ടുണ്ടെന്നും ആ ഭൂതങ്ങളെ നാട്ടിൽ നിന്നകറ്റി ഐശ്വര്യം പ്രധാനം ചെയ്യ ണമെന്നുമാണ് മാരിയമ്മയോട് അവർ അഭ്യർഥിക്കുന്നത്. അവിടെ നിന്ന് എല്ലാവരും ഉറഞ്ഞുതുള്ളും. ഉറഞ്ഞു തുള്ളാൻ തുടങ്ങുന്നതോടെ മാരിയമ്മ നാടുകാണാൻ പുറപ്പെട്ടു എന്നാണ് വിശ്വാസം. വാഴയുടെ തടികൊണ്ടുണ്ടാക്കിയ അമ്പലം ഒരാൾ തലയിൽ ചുമക്കും. എല്ലാവരും കാവിനടു ത്തുള്ള മാരാരുടെ വീട്ടിൽ ചെല്ലും. മാരാരുടെ വീടിനു മുമ്പിൽ നിറപറയും നിലവിളക്കും വച്ചിട്ടുണ്ടാകും. മാരിയമ്മയുടെ വേഷം കെട്ടിയ ഒരു ഗദ്ദികക്കാരൻ മാരാരുടെ വീടിന്റെ അകത്തേക്ക് ചെല്ലും. ഒരു കട്ട നെല്ല് അയാൾ തലയിൽ അകത്തുനിന്ന് കൊണ്ടുവരും. പിന്നീട് പാട്ടുംപാടി തുടിയും കൊട്ടി നാടുമുഴുവൻ കറങ്ങും. തുടർച്ചയായി ഏഴ് ദിവസം പ്രദേശത്തെ ജാതിമതഭേദ മെന്യേയുള്ള എല്ലാ വീടുകളിലും കയറി ഇറങ്ങും. ഓരോ വീട്ടുകാരും ഗദ്ദികസംഘത്തിന് സംഭാവനകൾ നൽകും. ഏഴാമത്തെ ദിവസം അണമല എന്ന സ്ഥലത്ത് ചെന്ന് ചടങ്ങുകൾ അവസാനിപ്പിക്കും. അവിടെ കന്റു മൂപ്പന്റെ അടുത്ത് ചെന്ന് പൂജ കൊടുക്കുന്നതോടെ നാട്ടുഗദ്ദിക അവസാനിക്കുന്നു.




## ഗദ്ദികയുടെ നായകൻ

ആദിവാസി കുടിലുകളിൽ നിന്നും ഗോത്ര വൃത്തത്തിൽ നിന്നും ഗദ്ദിക എന്ന ആദിവാസി മാന്ത്രികാനുഷ്ഠാന കല ജനകീയ കലാരൂപമാക്കി, ഇന്ന് കാണുന്ന രീതിയിലാക്കി മാറ്റുന്നത് പി.കെ കാളൻ എന്ന ആദിവാസി നവോത്ഥാന നായകനാണ്. കേരള ഫോക് ലോർ അക്കാദമി ചെയർമാൻ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ച പി.കെ കാളൻ ഗദ്ദികയെ ഇന്ത്യ യിലെ വിവിധ വേദികളിൽ അവതരിപ്പിച്ച് അതിനെ പൊതു സമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു. 1984 ൽ തിരുവ നന്തപുരം കനകക്കുന്ന് കൊട്ടാരത്തിലാണ് ഗദ്ദിക ആദ്യമായി വയനാടിനു പുറത്ത് പൊതുവേദിയിൽ ശ്രദ്ധേയമായി അവത രിപ്പിക്കുന്നത്. പി.കെ കാളന്റെ നേതൃത്വത്തിലായിരുന്നു അവതരണം. 35 വർഷം ജന്മിമാരുടെ അടിമയായി കഴിഞ്ഞ പി.കെ കാളൻ, ആദിവാസികൾ അനുഭവിക്കുന്ന സാമൂഹിക പ്രതിസന്ധികൾക്കു പരിഹാരമുണ്ടാകണമെന്നു ആഗ്രഹിക്കുക യും അതിനു വേണ്ടി പ്രയത്നിക്കുകയും ചെയ്തു. രോഗം വന്ന് മരിക്കാറായാലും വൈദ്യ ചികിൽസയ്ക്ക് പോകാതെ ഗദ്ദികയിൽ മാത്രം വിശ്വസിച്ച് കഴിഞ്ഞിരുന്ന ജനതയോട്, ഗദ്ദിക കൊണ്ട് രോഗം മാറില്ലെന്നും വൈദ്യസഹായം നിർബന്ധമാണെന്നും ഓർമപ്പെടുത്തിയത് കാളനായിരുന്നു. ഈ പ്രബോധനത്തിന്റെ ഒരു മാറ്റം ഇന്ന് അവർക്കിടയിൽ കാണാനാകും.

മാനന്തവാടിക്കടുത്ത തൃശ്ശിലേരി കൈതവള്ളി കോളനിയിലെ കൊളുമ്പന്റെയും കുറുത്തമ്മയുടെയും മകനായി 1937 ൽ ജനിച്ച പി.കെ കാളൻ 2007 നവംബർ 11 ന് അന്തരിച്ചു. അദ്ദേഹ ത്തിന്റെ പെങ്ങളുടെ മകൻ പി.കെ കരിയനാണ് ഇപ്പോൾ ഗദ്ദികയ്ക്ക് നേതൃത്വം കൊടുക്കുന്നത്. തൃശ്ശിലേരിയിൽ പ്രവർത്തി ക്കുന്ന പി.കെ കാളൻ സ്മാരക ഗോത്ര കലാപഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് അവതരണം നടക്കുന്നത്. നിലവിൽ ഈ സംഘം മാത്രമേ ഗദ്ദിക അവതരിപ്പിക്കുന്നവരാ യുള്ളൂ എന്നാണ് അറിയാൻ കഴിയുന്നത്.

## ഗ്രന്ഥസൂചിക


1-പി.കെ കരിയനുമായി നേരിട്ടു നടത്തിയ സംഭാഷണം/19-10-16

2-ഡോ.അസീസ് തരുവണ, പി.കെ കാളൻ ആദിവാസി ജീവിതത്തിന്റെ സമരമുഖം, ചിന്ത പബ്ലിക്കേഷൻസ്, 2012.

3-ഒ.കെ ജോണി, വയനാട് രേഖകൾ, പാപ്പിയോൺ, 2001.

4-ഡോ.എം.എം ശ്രീധരൻ, ഫോക് ലോർ സമീപനങ്ങളും സാധ്യതകളും, മലയാള പഠന ഗവേഷണ കേന്ദ്രം, 2009.



*(ഡോ. മുഹമ്മദ് ശഫീഖ് വഴിപ്പാറ - 8606444162)*